**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1212** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കതിർ കാർഷിക ക്ലബ്ബ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്
ശ്രീ. ദീപക് ജോയ്
ശ്രീ. എഫ്. രാജ
ശ്രീ. കെ. ബിനിമോൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സ്കൂളുകളിൽ കതിർ കാർഷിക ക്ലബ്ബ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും പ്രകൃതിസൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി "കതിർ" കാർഷിക ക്ലബുകൾ( Kerala Agriculture Technology Heritage and Innovation for Rural Understanding) രൂപീകരിക്കുന്നതിനുള്ള തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സ്കൂളുകളിൽ വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും പ്രകൃതിസൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി കാർഷിക ക്ലബുകൾ രൂപീകരിക്കുന്നു. ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം എന്നിവ ഉറപ്പാക്കാൻ വിദ്യാർത്ഥികളിൽ കാർഷിക അവബോധവും പ്രകൃതിസ്നേഹവും വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് “കതിർ” കാർഷിക ക്ലബ്ബ് രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ കാർഷിക അറിവ്, നവീന ആശയങ്ങൾ, പരിസ്ഥിതി സംരക്ഷണം, ഗ്രാമീണ വികസനം എന്നിവയെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളെ ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുക എന്നതാണ് കതിരിന്റെ ദൗത്യം.

**(ബി)** വിഷ രഹിത പച്ചക്കറി ജനങ്ങളിലേക്ക് എത്തിക്കാൻ വാട്സ്ആപ്പ് മുഖേന മിനി മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ സജ്ജമാക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** കതിർ കാർഷിക ക്ലബ്ബുകൾ മുഖേന വിദ്യാലയങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പോഷകഗുണമുള്ള പച്ചക്കറികൾ വിറ്റഴിക്കുന്നതിന് അദ്ധ്യാപകരേയും, രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി കൊണ്ടുള്ള Whatsapp ഗ്രൂപ്പുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. കൃഷി ഭവനുകളിൽ നിലവിൽ ആരംഭിച്ചിട്ടുള്ള Whatsapp ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങൾക്ക് പച്ചക്കറികൾ വിപണനം നടത്താൻ സാധ്യമാകുന്നതാണ്.

കേരളത്തിലെ കർഷകർക്ക് തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണിയും വിലയും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ തയ്യാറാക്കിയ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമാണ്

കതിർ അപ്ലിക്കേഷന്റെ ഭാഗമായുള്ള ഇ-മാർക്കറ്റ് പ്ലേസ്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കർഷകർ തങ്ങളുടെ വ്യക്തിഗത വിവരങ്ങളും കൃഷിയിടത്തിന്റെ വിവരങ്ങളും വിളകളുടെ കൃത്യമായ അളവും വിളവെടുപ്പ് തീയതിയുമെല്ലാം 'കതിർ' ആപ്പിൽ കൃത്യമായി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇങ്ങനെ രേഖപ്പെടുത്തുന്ന വിവരങ്ങൾ കൃഷിഭവൻ ഉദ്യോഗസ്ഥർ നേരിട്ട് ജിയോ-ടാഗിങ് വഴി പരിശോധിച്ച് ഡിജിറ്റലായി അംഗീകരിച്ചതിന് ശേഷം മാത്രമേ ഉൽപ്പന്നങ്ങൾ ഇ-മാർക്കറ്റ് പ്ലേസ് ഇൻവെന്ററിയിൽ പ്രദർശിപ്പിക്കാനും വിപണനം നടത്താനും സാധിക്കുകയുള്ളൂ എന്നത് ഒരു നേട്ടമാണ്.

പ്രാദേശികമായ ചെറിയ ആവശ്യങ്ങൾക്കായി ഇടനിലക്കാരോ ഔദ്യോഗിക കരാറുകളോ ഇല്ലാതെ ചെറുകിട വ്യാപാരികൾക്ക് കർഷകരിൽ നിന്ന് നേരിട്ട് ഈ സംവിധാനം വഴി സാധനങ്ങൾ വാങ്ങാം. ഇതിനായി പരമാവധി 200 കിലോഗ്രാം വരെയുള്ള ഓർഡറുകൾക്ക് ആപ്പിൽ നേരിട്ടുള്ള വിൽപ്പനയ്ക്കുള്ള പ്രത്യേക സൗകര്യം നൽകിയിട്ടുണ്ട്. കൃത്യമായ വിവരശേഖരണത്തിലൂടെയും സുതാര്യമായ പ്രവർത്തനങ്ങളിലൂടെയും സുരക്ഷിതമായ ലോജിസ്റ്റിക്സ് ശൃംഖല ഉറപ്പാക്കിക്കൊണ്ട് കാർഷിക മേഖലയെ ആധുനികവൽക്കരിക്കുന്ന ഒരു മികച്ച ഡിജിറ്റൽ വിപണിയാണ് കതിർ ഇ-മാർക്കറ്റ് പ്ലേസ്.

**(സി)** ഓണത്തിന് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികളും പൂക്കളും ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം 2026' എന്ന സമഗ്ര കാർഷിക യജ്ഞം നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാലത്ത് നമ്മുടെ വീട്ടുവളപ്പിൽ നിന്നും സുരക്ഷിതമായ പച്ചക്കറികളും, പൂക്കളും ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി **സമഗ്ര പച്ചക്കറി-പുഷ്പ ഉൽപ്പാദന യജ്ഞം** പദ്ധതിയിൽ ഉൾപ്പെടുത്തി **"ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം"** എന്ന പരിപാടിയാണ് ഈ വർഷം നടപ്പിലാക്കുന്നത്. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റ് അങ്കണത്തിൽ പച്ചക്കറി നട്ട് കൊണ്ട് ബഹു. മുഖ്യമന്ത്രി തുടക്കം കുറിച്ചിട്ടുണ്ട്. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പരിപാടിയുടെ ഭാഗമായി സങ്കരയിനം പച്ചക്കറി വിത്തുകളുടെയും, അത്യുല്പാദനശേഷിയുള്ള വിവിധയിനം പച്ചക്കറിവിത്തുകളുടെയും പച്ചക്കറി തൈകളുടെയും വിതരണം ആരംഭിച്ചിട്ടുണ്ട്.

ഓണക്കാലത്ത് പച്ചക്കറിയുടെ ലഭ്യത സുലഭമാക്കുന്നതിനായും വിപണിയിൽ ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പരിപാടിയിലൂടെ ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, വനിതകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്ത് കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളിൽ നിന്നുമാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

**സെക്ഷൻ ഓഫീസർ**